ARTICLE IN THE EXPRESS "നടക്കാറാക്കിത്തരണേ"

130 (13) **Mr. C. V. Iyyu** (*Kunnamkulam*): Will Government be pleased to state.—

(*a*) whether they have read in the last column on page 3 of the "Express" (Trichur) article No. 1 under the caption "നടക്കാറാക്കിത്തരണേ" under the heading "പൊതുനാടം" written by the secretary, Republic Union, Kunnamkulam;

(*b*) if so, will they be pleased to inform what action has been taken by the authorities to improve the streets mentioned in that article ?

Mr. C. A. Ouseph (*Minister for Education and Public Health*):

(*a*) Yes.

(*b*) A Municipality has actually been constituted in the town only with effect from 13th Edavam 1123. In the absence of sufficient funds, it had not been possible for the Municipality to do anything substantial for the improvement of roads, etc. With the limited allotment transferred from the Panchayat Department, the Chiralayam-Thazhathangadi Road and the Kunnathangadi road have already been improved. The question of effecting out-right repairs to the Puthen Petta Bazaar Road and of improving the general condition of roads in the town is now engaging the attention of the Municipality.

POLITICAL PRISONERS—INFORMATION REGARDING

131. (159) മിസ്റ്റർ കെ. ഡബ്ല്യു. മുരളീധരമാരാർ. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് ദയവായി ഉത്തരം പറയുമോ.—

(എ) ഈ രാജ്യത്ത് എത്ര രാഷ്ട്രീയ തടവുകാരുണ്ട്;

(ബി) അവരെ എങ്ങിനെയാണ് തരം തിരിച്ചിരിക്കുന്നത്; (classification)

(സി) അവരുടെ കുടുംബച്ചിലവിലേക്കായി ഗവൺമെണ്ടിൽനിന്നും എന്തെങ്കിലും സംഖ്യ അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അനുവദിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെണ്ടിൽനിന്ന് ആലോചിച്ചു വരുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) "രാഷ്ട്രീയതടവുകാർ ഇവിടെയില്ല. രാഷ്ട്രീയപ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള കുറ്റങ്ങൾക്ക ശിക്ഷിക്കപ്പെട്ടന്ന തടവുകാരെ "സ്പെഷൽ ക്ലാസ്സ് തടവുകാരെന്നാണ് പറയുന്നത്. ഇവിടെ ഇപ്പോൾ മൂന്ന സ്പെഷൽ ക്ലാസ്സ് തടവുകാരുണ്ട്.

(ബി) അവർ ചെയ്ത കുറ്റത്തേയും അവരുടെ ജീവിതരീതിയേയും ആസ്പദമാക്കിയാണ് തരം തിരിച്ചിരിക്കുന്നത്.

(സി) ഇല്ല.

(ഡി) ഇല്ല.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഈ രാജ്യത്ത് രാഷ്ട്രീയതടവുകാരുണ്ടോ എന്ന ചോദ്യത്തിന്ന് രാഷ്ട്രീയതടവുകാർ ഇവിടെയില്ലന്നാണ് മറുപടി പറഞ്ഞിരിക്കുന്നത്. പിന്നെ രാഷ്ട്രീയതടവുകാർ എന്ന പറയുന്നവർ നിയമപ്രകാരം എന്തു കുറ്റം ചെയ്തിട്ടുള്ളവരാണ്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: മുമ്പ് രാഷ്ട്രീയതടവുകാർ എന്ന പറഞ്ഞിരുന്നവരെ ഇപ്പോൾ സ്പെഷൽ ക്ലാസ്സ് തടവുകാർ എന്നു പറഞ്ഞു തരം തിരിച്ചിരിക്കുകയാണ്.

മിസ്റ്റർ എ. കെ. ജോർജ്ജ്: ഈ രാഷ്ട്രീയ തടവുകാർ എന്ന പറയുന്നവർ എന്തു കുറ്റം ചെയ്തിട്ടുള്ളവരാണ്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: രാഷ്ട്രീയകുറ്റം ചെയ്തിട്ടുള്ളവർ.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: രാഷ്ട്രീയ തടവുകാരുടെ ജീവിതരീതി മനസ്സിലാക്കി തരം തിരിച്ചിട്ടുള്ളത് ഏതെല്ലാം രീതിയിലാണ്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: രാഷ്ട്രീയ തടവുകാരിൽ ചിലർ ഭക്ഷണകാര്യങ്ങളിൽ വളരെ നിഷ്ഠയുള്ളവരായിരിക്കും. അങ്ങിനെയുള്ളവർക്ക് അതിരാവിലെ കാപ്പികൊടുക്കുക, പല്ലുതേക്കുവാൻ Tooth Brush കൊടുക്കുക, അവരുടെ ജീവിതത്തോതനുസരിച്ചുള്ള ഭക്ഷണവും മറ്റു സൌകര്യങ്ങളും ചെയ്തുകൊടുക്കുക എന്നിങ്ങനെയുള്ള രീതിയിലാണ് തരം തിരിച്ചിട്ടുള്ളത്.

മിസ്റ്റർ സി. വി. ഇയ്യു: അവർക്ക് വിസ്കിയോ, സോഡയോ, മറ്റോ, ആവശ്യമുണ്ടെങ്കിൽ കൊടുക്കുവാൻ വിരോധമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly